**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3968** — **27.06.2012–ലെ മറുപടിക്ക്**

# സ്വാശ്രയ മെഡിക്കൽ വിദ്യാർത്ഥികൾക്ക് സർക്കാർ ആശുപത്രികളിൽ പ്രായോഗിക പരിശീലനം നൽകാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. എസ്. സലീഖ : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സ്വാശ്രയ മെഡിക്കൽ വിദ്യാർത്ഥികൾക്ക് സർക്കാർ ആശുപത്രികളിൽ പ്രായോഗിക പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) ഇതുസംബന്ധിച്ച് അന്തിമ തീരുമാനം ആയിട്ടില്ല. |
| (ബി) ഇത്തരത്തിലുള്ള തീരുമാനം സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുകളെ പ്രോത്സാഹിപ്പിക്കുവാൻ മാത്രമേ സഹായിക്കുകയുള്ളൂവെന്ന് അറിയാമോ ; | (ബി) ബാധകമല്ല. |
| (സി) സ്വാശ്രയ, സ്വകാര്യ മെഡിക്കൽ കോളേജുകളിൽ പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് നിലവാരം കുറവാണെന്ന് മനസ്സിലാക്കിയിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തെങ്കിലും പുതിയ നിർദ്ദേശം മുന്നോട്ടുവയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (സി) **ഉണ്ട്.** ആരോഗ്യ സർവ്വകലാശാല നടത്തിയ ഒന്നാം വർഷ പരീക്ഷാ ഫലം വിശകലനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ചില സ്ഥാപനങ്ങൾ മോശപ്പെട്ട നിലവാരം കാഴ്ചവച്ചതായി മനസ്സിലാക്കിയതിനാൽ ബന്ധപ്പെട്ട സ്ഥാപനങ്ങളോട് ന്യൂനതകൾ പരിഹരിക്കാൻ സർവ്വകലാശാല തലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) മിക്ക സ്വാശ്രയ കോളേജുകളിലും ആവശ്യത്തിന് രോഗികളില്ലാതെ, രോഗികളെ വാടകയ്ക്ക് എടുത്താണ് അംഗീകാരം നിലനിർത്തികൊണ്ടുപോകുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ? | (ഡി) ഇത് സംബന്ധിച്ച് പരാതികളൊന്നും ലഭ്യമായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**